ശുദ്ധജല തടാകങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതി

17 (*374) ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) നിലവിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ പുരോഗതി എത്രത്തോളമായെന്ന് വിശദമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് പത്ത് കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. കായലിന്റെ സർവേ നടത്തി പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ ഭൗമശാസ്ത്രപഠന കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞശേഷം വെള്ളായണി കായൽ ഉറവിടമാക്കിയുള്ള ശുദ്ധജലവിതരണപദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുവാൻ സാധിക്കും. ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിനുവേണ്ട വിശദമായ പഠനറിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി ഭൗമശാസ്ത്രപഠനകേന്ദ്രം മുഖേന തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ പരിഗണനയിലുള്ള ഡ്രാഫ്റ്റ് "കേരള ഇറിഗേഷൻ ആന്റ് വാട്ടർ റഗുലേഷൻസ് ബില്ലിൽ" ജലസ്രോതസുകളെ സംരക്ഷിക്കുവാനുള്ള വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വെള്ളായണി കായലിനെ കുറിച്ചുള്ള പഠനറിപ്പോർട്ട് തയ്യാറാക്കുവാൻ വേണ്ട പ്രാരംഭപണികൾ ഭൗമശാസ്ത്ര പഠനകേന്ദ്രം ആരംഭിച്ചുകഴിഞ്ഞു. ശാസ്താംകോട്ട തടാകത്തിന്റെ പഠനറിപ്പോർട്ടിലെ നിർദ്ദേശമനുസരിച്ച് മണ്ണൊലിപ്പ് തടയുന്നതിന്റെ ആദ്യപടിയായി തടാകത്തിന്റെ ചുറ്റും "ഗ്രീൻ ബെൽറ്റ്" പണിയുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

ട്രേഡ് യൂണിയനുകൾക്ക് മാതൃകാ പെരുമാറ്റചട്ടം

18 (*375) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രേഡ് യൂണിയനുകൾക്കുവേണ്ടി മാതൃകാപെരുമാറ്റ ചട്ടം ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംസ്ഥാനത്തെ തൊഴിൽത്തർക്കങ്ങളേയും അതോടൊപ്പമുള്ള തൊഴിൽ സമരങ്ങളേയും എങ്ങനെ നിയന്ത്രിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly